**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2302**
**14.06.2019 ലെ മറുപടിയ്ക്ക്**

**സ്പാർക്ക് സംവിധാനത്തിലെ പോരായ്മകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ .എൻ .എ .ഖാദർ | ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളുടെയും ബില്ലുകൾ തയ്യാറാക്കുന്നതിനായി കൊണ്ട് വന്ന സ്പാർക്ക് സംവിധാനത്തിൽ നിലവിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ ; വെളിപ്പെടുത്താമോ ; | ശമ്പളവും ആനുകൂല്യങ്ങളും തടസപ്പെടുന്ന തരത്തിൽ എന്തെങ്കിലും പ്രശനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല .എന്നാൽ കാലോചിതമായ പരിഷ്ക്കരണത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട് .ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അത് വേഗത്തിലാക്കുന്നതാണ്. . |
| ബി) ക്ലയിമുകൾ തയ്യാറാക്കുന്നതിനായി ബില്ലുകൾ പ്രോസസ് ചെയ്യാൻ ദിവസങ്ങളോളം നീണ്ട ക്യൂ വരുന്നതായ പരാതികൾ പരിഹരിക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടത് ;വിശദമാക്കാമോ; | ക്ലയിം ബില്ലുകൾ പ്രോസസ് ചെയ്യാൻ ദിവസങ്ങളോളം നീണ്ട ക്യൂ വരുന്നതായ സാഹചര്യം ഉണ്ടായിട്ടില്ല. |
| സി) ഈ അടുത്ത കാലത്ത് ക്യാഷ് ആയി വിതരണം ചെയ്യുന്ന ക്ഷാമബത്ത കുടിശ്ശികയുടെ ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള സംവിധാനം എന്ന് മുതലാണ് സ്പാർകിൽ ഏർപ്പെടുത്തിയത്.; | 13.05.2019 |
| (ഡി)ഇത് എല്ലാ വകുപ്പുകളും മാറിയിട്ടുണ്ടോ ;ഇല്ലെങ്കിൽ ബിൽ തയ്യാറാക്കുന്നതിലെ സാങ്കേതിക തടസം പരാതിയായി അറിയിച്ചിട്ടുണ്ടോ;ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;വിവരിക്കുമോ? | ക്ഷാമബത്ത കുടിശ്ശിക ബില്ലുകൾ പ്രോസസ് ചെയ്യുന്നതിന് സാങ്കേതിക തടസം ഒന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ